Non Clinical

(1)	(2)	(3)	(4)	(5)
1	Diploma in Clinical Pathology	0		0
2	Diploma in Public Health	0		0
	Total	11	6	5

ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

28 (2237) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും പ്രാഥമികാ രോഗ്യകേന്ദ്രങ്ങളും ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ ജെ. പി. എച്ച്. എൻ. ഗ്രേഡ് I ഗ്രേഡ് II ജെ. എച്ച്.ഐ ഗ്രേഡ് I ഗ്രേഡ് II എന്നിവയിൽ എത്ര തസ്തിക വീതം നിലവിലുണ്ടെന്നും നിലവിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും എന്നുമുതൽ പ്രസ്തുതഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുവെന്നും പറയാമോ ;

(സി) എന്തുകൊണ്ടാണ് ദീർഘകാലമായി ഈ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കാത്തതെന്നും അതിനു കാരണക്കാർ ആരെന്നും വിശദമാക്കാമോ ;

(ഡി) ദീർഘകാലമായി ഈ മേഖലയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാതെ ആരോഗ്യ പരിപാടികളിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിലവിൽ ഈ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ	പ്രാഥമികാരോഗ്യ കന്ദ്രങ്ങൾ
1. തിരുവില്വാമല	1. കുത്താമ്പുള്ളി
2. പഴയന്നൂർ	2. കൊണ്ടാഴി
	3. തോന്നൂർക്കര
	4. പാഞ്ഞാൾ
	5. വള്ളത്തോൾനഗർ
	6. വരവൂർ
	7. ദേശമംഗലം
	8. മുള്ളൂർക്കര
	9. എളനാട്

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്. തൃശ്ശൂർ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 25 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എൻ.സി.എ. നോട്ടിഫിക്കേഷനു വേണ്ടി മാറ്റിവച്ചിട്ടുള്ളതുമാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

പൊന്നാനി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ സ്റ്റാഫിന്റെ അപര്യാപ്തത

29 (2238) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ ഇല്ലാത്തതുമൂലം ബ്ലഡ് സ്റ്റോറേജ് സെന്റർ അടക്കമുള്ള സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് പ്രയാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് PSC ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമനം നടത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly